നിലവിലുള്ള ജനനമരണ രജിസ്ട്രേഷൻ നിയമങ്ങൾ

65 (2188) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ജനനമരണ രജിസ്ട്രേഷൻ നിയമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആശുപത്രികളിൽ വച്ചു നടക്കുന്ന ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ആശുപത്രി അധികൃതരുടെ പേരിൽ എന്തു നടപടി സ്വീകരിക്കും ;

(സി) രജിസ്ട്രേഷൻ നടത്തുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും അതിന്റെ നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് (കേന്ദ്ര ആക്ട്) പ്രകാരവും 1999-ലെ കേരള ജനനമരണ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ചുമുള്ള പുതുക്കിയ നിയമങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കുന്ന ഫാറങ്ങളിലാണ് (ഫാറം 1, 2, 3) ജനനം/മരണം റിപ്പോർട്ടു ചെയ്യേണ്ടത്. വീടുകളിൽ വച്ചു നടക്കുന്ന ജനനമരണങ്ങൾ വീട്ടിലെ മുതിർന്ന അംഗവും സ്ഥാപനങ്ങളിൽ നടക്കുന്ന ജനനമരണങ്ങൾ ആ സ്ഥാപനങ്ങളിലെ മേലധികാരികളുമാണ് റിപ്പോർട്ടു ചെയ്യേണ്ടത്. ജനനമരണം നടന്നു കഴിഞ്ഞ് 21 ദിവസത്തിനകം ലോക്കൽ രജിസ്ട്രാർക്കു ജനന/മരണം രജിസ്റ്റർ ചെയ്യാവുന്നതും, 21 ദിവസത്തിനുശേഷം ഒരു വർഷം വരെയുള്ള ജില്ലാ രജിസ്ട്രാറുടെയും ഒരു വർഷത്തിനുശേഷമുള്ളവ ആർ.ഡി.ഒ.യുടെയും അനുവാദം വാങ്ങി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

(ബി) ആശുപത്രിയിൽ വച്ചു നടക്കുന്ന ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിന് വീഴ്ച വരുത്തുന്ന ആശുപത്രി അധികൃതരുടെ പേരിൽ ലോക്കൽ രജിസ്ട്രാർക്കു പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിന് ജനനം/മരണം നടന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിശ്ചിത ഫോറത്തിൽ റിപ്പോർട്ടു നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടു പ്രകാരം അന്വേഷണം നടത്തി രജിസ്ട്രാർ ജനനം/മരണം എന്നിവ രജിസ്റ്റർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly